LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ ഇനി പൂർത്തീകരിക്കേണ്ട നടപടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ആയയിൽ-മുള്ളറവിള പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായതിനുശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കന്നിപ്പുറം പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയായ 5,08,26,880 രൂപ (അഞ്ച് കോടി എട്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി എൺപത് രൂപ) കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി 18(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായതിനുശേഷം നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പാലം പുനർനിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര തുകയ്ക്കുള്ള ഡി.പി.ആർ. ആണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പാലം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പ്രാരംഭ പ്രവൃത്തിയായ മണ്ണ് പരിശോധന, Site Survey എന്നിവയ്ക്കുള്ള ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൂട്ടമുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പാലം നിർമ്മാണം

70 (819) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കൂട്ടമുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പാലം പണിയുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച ഹൈക്കോടതി വിധിയിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

(എ&ബി) ബ്ലാവന കല്ലേലിമേട് എന്നിവ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആൻഡ് ഫോറസ്റ്റിന്റെ വെബ്സൈറ്റിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 9-11-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5-12-2020 തീയതിയിൽ സമർപ്പിച്ചിരുന്നു. ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മപരിശോധന നടത്തുകയും ചില തിരുത്തലുകൾ ആവശ്യപ്പെടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രസ്തുത അപേക്ഷ 5-2-2021 തീയതിയിൽ പുനഃസമർപ്പിച്ചു. തുടർന്ന് ചില അധികവിവരങ്ങൾ തേടി അപേക്ഷ വീണ്ടും മടക്കി അയച്ചിട്ടുണ്ട്. ആയതിന് മറുപടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത പാലം നിർമ്മാണത്തിനായി മണ്ണ് പരിശോധന നടത്തുന്നതിനുള്ള പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നിരവധി ആദിവാസി കോളനികളും കർഷകരും വസിക്കുന്ന പ്രസ്തുത സ്ഥലത്തേയ്ക്ക് നിലവിൽ കടത്ത് കടന്ന് മാത്രമേ പോകുവാൻ കഴിയൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രാനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രദേശവാസികളുടെ ചിരകാല ആഗ്രഹവും അവർക്ക് ആശ്രയവുമായി മാറുന്ന പ്രസ്തുത പാലം നിർമ്മാണം സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രാനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുമ്മല്ലൂർ - പള്ളിക്കമണ്ണടി പാലങ്ങൾ

71 (820) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യു.ഡി. റോഡ്സ് & ബ്രിഡ്ജസ് വിഭാഗത്തിന്റെ നിർമ്മാണച്ചുമതലയിൽപ്പെട്ടതും കിഫ്ബി 15.70 കോടി രൂപയുടെ പുതുക്കിയ തത്ത്വത്തിൽ ഭരണാനുമതി നൽകി [6-11-2020-ലെ നമ്പർ 924/2020/പൊ.മ.വ. (ഡി)] ഉത്തരവായിട്ടുള്ളതുമായ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കുമ്മല്ലൂർ-പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?